(സി) വിദ്യാഭ്യാസ വായ്പയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായ വസ്തു ഈട് ആവശ്യമില്ലാത്ത വിഭാഗത്തിൽനിന്ന് ഏതെങ്കിലും ബാങ്ക് ശാഖ ഈടുവാങ്ങിയിട്ടുണ്ടെങ്കിലോ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലോ അക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

സ്വാതന്ത്ര്യ സമര പെൻഷൻ

66 (1770) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ എത്രയാണെന്നും ഇതിൽ കേന്ദ്ര പെൻഷൻ വാങ്ങുന്നവർ, സംസ്ഥാന പെൻഷൻ വാങ്ങുന്നവർ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) രണ്ട് പെൻഷനും ഒന്നിച്ച് വാങ്ങുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന പെൻഷൻ ഇപ്പോൾ എത്ര രൂപയാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4719 പേർ കേരള സ്വാതന്ത്ര്യ സമര പെൻഷൻ/തുടർ പെൻഷൻ വാങ്ങുന്നുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല.

(ബി) ഇല്ല.

(സി) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 10-9-2012-ൽ ആണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഇതിന് 1-8-2012 മുതൽ പ്രാബല്യമുണ്ട്)

(ഇ) കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

നീര ഉല്പാദിപ്പിക്കുന്നതിനുള്ള അനുമതി

67 (1771) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കർഷക കൂട്ടായ്മകൾക്ക് നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനേയും അബ്കാരി നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനേയും കുറിച്ച് പഠിക്കാൻ 2013 ജനുവരി 15-ന് നിയമിച്ച സമിതി 2013 മേയ് 18-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് 2013 സെപ്തംബർ 23-ന് GO(MS)No.160/13 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) 2014 ഫെബ്രുവരി 14-ന് GO(P)No.27/14 ആയി നികുതി വകുപ്പ് ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉത്തരവുകളിലെ അപാകതകൾമൂലം നീര ഉല്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കള്ള് വ്യവസായ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീര ഉല്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും എക്സൈസ് കമ്മീഷണർ ചെയർമാനായി 10 അംഗ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി 2013 മേയ് മാസത്തിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നീര കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly